Uncorrected / Not for Publication

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭക്ഷ്യവിഷബാധയെ സംബന്ധിച്ച് ഇന്നലെ അങ്ങ് നിയമസഭയിൽ പ്രകടിപ്പിച്ച വ്യാകുലതകളും ആശങ്കകളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കണമെന്നുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് ഇത്തരത്തിലൊരു പ്രസ്താവന തയ്യാറാക്കി ഇവിടെ അവതരിപ്പിക്കുന്നത്. ഇന്നലെ അതുമായി ബന്ധപ്പെട്ടുള്ള ഒരു പ്രസ്താവന ഇവിടെ നടന്നിരുന്നു. തിരുവനന്തപുരത്ത് വഴുതക്കാടുള്ള □സാൽവ കഫേ□യിൽ നിന്ന് ഈ മാസം 10-ാം തീയതി ആഹാരം കഴിച്ച ഇരുപതോളം പേർക്ക് ഭക്ഷ്യ വിഷബാധയേറ്റു എന്ന വിവരം ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുന്നത് 12-ാം തീയതി വൈകുന്നേരം പരാതി ലഭിച്ചപ്പോൾ മാത്രമാണ്. ഭക്ഷ്യവിഷബാധയേറ്റവരിൽ സിനിമാ പ്രവർത്തകൻ ശ്രീ. ഷോബി തിലകനും കുടുംബവും ഉൾപ്പെട്ടിരുന്നു. പരാതി ലഭിച്ച ഉടൻ തന്നെ പ്രസ്തുത ഹോട്ടൽ അടച്ചു പൂട്ടാൻ ഫുഡ് സേഫ്റ്റി കമ്മീഷണർ നടപടി സ്വീകരിച്ചു. മാത്രമല്ല ഇതിന്റെ സഹോദര സ്ഥാപനമായ തിരുവനന്തപുരം വെള്ളയമ്പലത്തെ □സാൽവ ഡൈൻ□ എന്ന സ്ഥാപനവും ഒരു മുൻകരുതലെന്ന നിലയിൽ അടച്ചുപൂട്ടി. പ്രസ്തുത ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ച ഹരിപ്പാട് സ്വദേശി സച്ചിൻ റോയ് മാത്യു 16-ാം തീയതി രാത്രിയിൽ ബാംഗ്ലൂരിൽവച്ച് മരണപ്പെട്ടു എന്ന വിവരം ഫുഡ് സേഫ്റ്റി

കമ്മീഷണറുടെ ശ്രദ്ധയിൽ മാധ്യമങ്ങൾ കൊണ്ടുവരികയും അതനുസരിച്ച് കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറെയും മറ്റ് സീനിയർ ഉദ്യോഗസ്ഥരെയും ഉടനെതന്നെ ബാംഗ്ലൂരിലേയ്ക്ക് അയയ്ക്കുകയും ഇത് സംബന്ധിച്ച് തെളിവ് ശേഖരിക്കുകയും ചെയ്തു. പല ദിവസങ്ങളിലായി ഭക്ഷ്യവിഷബാധയേറ്റവരുടെ മൊഴിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാരുടെയും പോലീസിന്റെയും റിപ്പോർട്ടുകൾ ലഭിച്ചാൽ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുന്നതാണ്. പ്രസ്തുത വിഷയത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കി സംസ്ഥാനത്തുടനീളം ചെറുകിട, വൻകിട ഹോട്ടലുകളെന്ന വ്യത്യാസമില്ലാതെ ഹോട്ടലുകൾ പരിശോധിക്കാൻ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് ഗവൺമെന്റ് അടിയന്തരനിർദ്ദേശം നൽകുകയും അതനുസരിച്ച് ഇതുവരെ 511 ഹോട്ടലുകളിൽ സമഗ്രമായ പരിശോധന നടത്തുകയും മലീമസമായ അന്തരീക്ഷത്തിൽ ഭക്ഷണം പാചകം ചെയ്യുന്ന 14 ഹോട്ടലുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഫുഡ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റുനിയമപരമായ നടപടികളും പാലിച്ചാൽ മാത്രമേ ഈ ഹോട്ടലുകൾ വീണ്ടും തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. ഇതുകൂടാതെ 283 ഹോട്ടലുകൾക്ക് നിയമപരമായ ഇംപ്രൂവ്മെന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ട്. ഗുരുതരമല്ലാത്ത നിയമലംഘനങ്ങൾക്കാണ് ഇത്തരത്തിലുള്ള നോട്ടീസുകൾ നൽകിയിരിക്കുന്നത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള റെയ്ഡുകൾ ശക്തമായി തുടരും. ഇതിനായി

കമ്മീഷണറുടെ നേതൃത്വത്തിൽ തന്നെ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. റെയ്ഡുകൾക്ക് പുറമേ മിന്നൽ പരിശോധനകൾകൂടി നടത്തുന്നതാണ്. ഹോട്ടലുകൾക്ക് മാംസവും പച്ചക്കറിയും പഴവർഗ്ഗങ്ങളും എത്തിക്കുന്ന വിതരണക്കാർക്കു കൂടി ലൈസൻസ് നിർബന്ധമാക്കുന്നതാണ്. ഫുഡ് അഡൾട്രേഷൻ ആക്ടിൽ നിന്നും വ്യത്യസ്തമായി പുതിയ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ടിൽ കർശനമായ ശിക്ഷാ നടപടികളാണ് കുറ്റക്കാർക്കെതിരെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ഭക്ഷ്യവിഷ ബാധമൂലം ഉണ്ടാകുന്ന ക്ഷതത്തിന്റെ ഗൗരവം മനസ്സിലാക്കി ആറ് മാസം മുതൽ ആറ് വർഷം വരെ തടവും ഒരു ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ പിഴയും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മരണം സംഭവിക്കു കയാണെങ്കിൽ കുറഞ്ഞത് 7 വർഷം തടവും 10 ലക്ഷം രൂപ പിഴയുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംഭവത്തിന്റെ ഗുരുതരാവസ്ഥ അനുസരിച്ച് മരണം സംഭവിച്ചാലുള്ള ശിക്ഷ ജീവപര്യന്തം വരെയാകാം. ഇതിനുപുറമേ ഭക്ഷ്യ വിഷബാധ ഏൽക്കുന്ന വ്യക്തിക്ക് ഹോട്ടൽ ഉടമകളിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാനും അർഹതയുമുണ്ട്. ഒരു വ്യക്തി മരണമടയുക യാണെങ്കിൽ സെക്ഷൻ 65 പ്രകാരം ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപ യാണ് നഷ്ടപരിഹാരം. മരണമല്ലാത്ത സന്ദർഭങ്ങളിൽ ശരീരക്ഷതമനുസ രിച്ച് ഒരു ലക്ഷം രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകുന്നതിനും നിയമം അനുശാസിക്കുന്നു. നഷ്ടപരിഹാരം ലഭിക്കേണ്ട കേസ്സുകളിൽ ഹാജരാക്കേണ്ടുന്ന പ്രധാന തെളിവ് ഭക്ഷണം കഴിച്ച

ശേഷം ഹോട്ടലുകളിൽ നിന്നും ലഭിക്കുന്ന ബില്ലുകളാണ്. ഇക്കാര്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പരസ്യ ങ്ങൾ നൽകിയിട്ടുണ്ട്. പുതിയ നിയമം നിലവിൽ വന്ന സാഹചര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 3000-ലധികം പരിശീലന പരിപാടികൾ ഫുഡ് സേഫ്റ്റി ആഫീസർമാർ, ഹോട്ടൽ ഉടമകൾ മറ്റ് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ എന്നിവർക്ക് സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ : അടിയന്തരമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ കമ്മിറ്റി കൂടി എടുത്ത നടപടികൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിക്കുകയാണ്. നിയമസഭാംഗങ്ങളായ നിങ്ങൾക്ക് ഇതൊന്നും കേൾക്കാനുള്ള താൽപ്പര്യമില്ലേ? I am very sorry. കേൾക്കാൻ ഇഷ്ടമില്ലാത്തവർ അടുത്തുള്ളവരെ കേൾക്കാൻ അനുവദി ക്കണം.

ശ്രീ. വി.എസ്. ശിവകുമാർ : പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊ ണ്ടുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരു ടെയും ഉദ്യോഗസ്ഥന്മാരുടെയും ഉന്നത തല യോഗം ഇന്നലെ അദ്ദേഹ ത്തിന്റെ ആഫീസിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കുറ്റ ക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാനും ഇതിനായി സംസ്ഥാന വ്യാപകമായി സ്ഥിരമായി പരിശോധനകൾ തുടങ്ങാനും തീരു മാനിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നടപടികൾ ത്വരിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരെ അഡ്ജൂഡിക്കേറ്റിംഗ് ആഫീ

സർമാരായി നിയമിക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ആലോചിച്ച് അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കാനുള്ള നടപടികൾ ആരം ഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കുറ്റക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിച്ച് നിയമം വിഭാവനം ചെയ്യുന്ന, സുരക്ഷിത ആഹാരം ജന ങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടതെല്ലാം സർക്കാർ ചെയ്യുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരുന്നു. ഇക്കാര്യത്തിൽ കക്ഷിഭേദമ ന്യേ എല്ലാവരുടേയും സഹകരണം ഈ അവസരത്തിൽ അഭ്യർത്ഥിക്കു ന്നു.

മി. സ്പീക്കർ: ചട്ടം 300 അനുസരിച്ച് ചോദ്യവും ഉത്തരവും ഒന്നുമി ല്ല. പ്ലീസ്..... ....(ബഹളം)..... അതൊന്നും സഭയുടെ മുമ്പിൽ വന്നിട്ടില്ല. 5-7-2012-ൽ കൂടിയ കാര്യോപദേശക സമിതി യോഗത്തിലെ അനൗപചാ രികമായ ഒരു തീരുമാനം ഞാൻ സഭയെ അറിയിക്കുകയാണ്. “The Commonwealth Trust, Kozhikode (Acuqisition and Transfer of Undertaking) Bill, 2012” ജൂലൈ 23-ാം തീയതി സഭയിൽ അവതരിപ്പി ക്കുന്നതും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പരിഗണിക്കുന്നതുമാണ്.

(നിയമനിർമ്മാണം)

* * * * * * * * * * * * * * *